2025FEBRUARY
04
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




## റെയിൽ വികസനം

# കേരളത്തിന് 3042 കോടി രൂപ ലഭിക്കും

**കൊച്ചി:** വരുന്ന സാമ്പത്തിക വർഷം കേരളത്തിലെ റെയിൽവേ പദ്ധതികൾക്കായി 3042 കോടി രൂപ ബജറ്റ് വിഹിതം ലഭിക്കുമെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. 2009നും 2014നും ഇടയിൽ അനുവദിച്ച ശരാശരി വിഹിതമായ 372 കോടി രൂപയുടെ എട്ടു മടങ്ങു വർധനയാണ് ഇതിലൂടെ കേരളത്തിന് അനുവദിച്ചതെന്നും അദ്ദേഹം പറഞ്ഞു. വിവിധ സംസ്ഥാനങ്ങൾക്കുള്ള ബജറ്റ് വിഹിതം വാർത്താസമ്മേളനത്തിൽ വ്യക്തമാക്കുകയായിരുന്നു കേന്ദ്രമന്ത്രി.12,350 കോടി രൂപ ചെലവിൽ 419 കിലോമീറ്റർ ദൈർഘ്യമുള്ള 8 പദ്ധതികൾ കേരളത്തിൽ പുരോഗമിക്കുകയാണ്. അമൃത് സ്റ്റേഷൻ പദ്ധതിപ്രകാരം 2560 കോടി രൂപ ചെലവിൽ കേരളത്തിലെ 35 റെയിൽവേ സ്റ്റേഷനുകൾ പുനർവികസിപ്പിക്കുന്നു. കേരളത്തിൽ അനുവദിച്ച ആകെ 531 ആർകെഎമ്മുകളിൽ 107 ആർകെഎമ്മിൽ 'കവച്' സുരക്ഷാ സംവിധാനങ്ങൾ കമ്മീഷൻ ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.2014നുശേഷം കേരളത്തിൽ 125 കിലോമീറ്റർ പുതിയ ട്രാക്കുകൾ നിർമിച്ചിട്ടുണ്ട്. 493 കിലോമീറ്റർ വൈദ്യുതവൽക്കരിച്ചു. സംസ്ഥാനത്ത് 100% വൈദ്യുതവൽക്കരണം എന്ന നേട്ടവും കൈവരിച്ചു. 114 റെയിൽ ഫ്ളൈ ഓവറുകളും അടിപ്പാലങ്ങളും നിർമിച്ചു.വിവിധ സ്റ്റേഷനുകളിലായി യാത്രക്കാർക്ക് 51 ലിഫ്റ്റുകൾ, 33 എസ്കലേറ്ററുകൾ, 120 സ്റ്റേഷനുകളിൽ വൈഫൈ എന്നിവ സജ്ജമാക്കിയിട്ടുണ്ട്. കേരളത്തിൽ മാത്രമായി 13 സ്റ്റോപ്പുള്ള, 11 ജില്ലകളിലൂടെ യാത്ര ചെയ്യുന്ന രണ്ടു വന്ദേ ഭാരത് ട്രെയിനുകൾ സർവീസ് നടത്തുന്നുവെന്നും അദ്ദേഹം പറഞ്ഞു.12,350 കോടി രൂപ ചെലവിൽ 419 കിലോമീറ്റർ ദൈർഘ്യമുള്ള 8 പുതിയ ട്രാക്ക് പദ്ധതികൾ കേരളത്തിൽ നടന്നു വരുന്നു.അമൃത് സ്റ്റേഷൻ പദ്ധതിപ്രകാരം 2560 കോടി രൂപ ചെലവിൽ 35 റെയിൽവേ സ്റ്റേഷനുകളുടെ പുനർവികസനം.ആലപ്പുഴ, അങ്ങാടിപ്പുറം, അങ്കമാലി (കാലടി), ചാലക്കുടി, ചങ്ങനാശേരി, ചെങ്ങന്നൂർ, ചിറയിൻകീഴ്, എറണാകുളം ജങ്ഷൻ, എറണാകുളം ടൗൺ, ഏറ്റുമാനൂർ, ഫറോക്ക്, ഗുരുവായൂർ, കണ്ണൂർ, കാസർകോട്, കായംകുളം ജങ്ഷൻ, കൊല്ലം ജങ്ഷൻ, കോഴിക്കോട്, കുറ്റിപ്പുറം, മാവേലിക്കര, നെയ്യാറ്റിൻകര, നിലമ്പൂർ റോഡ്, ഒറ്റപ്പാലം, പരപ്പനങ്ങാടി, പയ്യന്നൂർ, പുനലൂർ, ഷൊർണൂർ ജങ്ഷൻ, തലശേരി, തിരുവനന്തപുരം, തൃശൂർ, തിരൂർ, തിരുവല്ല, തൃപ്പൂണിത്തുറ, വടകര, വർക്കല, വടക്കാഞ്ചേരി എന്നിവയാണ് വികസിപ്പിക്കുന്ന അമൃത് സ്റ്റേഷനുകളെന്നും അദ്ദേഹം വ്യക്തമാക്കി.കേരളത്തിൽ അനുവദിച്ച 531 ആർകെഎമ്മുകളിൽ 107 ആർകെഎമ്മിലും 'കവച്' സുരക്ഷാ സംവിധാനങ്ങൾ സ്ഥാപിച്ചുവെന്നും അദ്ദേഹം വ്യക്തമാക്കി.



## ചിൽഡ്രൻസ് കോൺക്ലേവിന് തുടക്കമായി

**തിരുവനന്തപുരം:** കേരള സംസ്ഥാന ബാലാവകാശ കമ്മിഷന്റെ ആഭിമുഖ്യത്തിൽ കുട്ടികളുടെ ആശയങ്ങളും കാഴ്ചപ്പാടുകളും പ്രകടിപ്പിക്കാൻ വേദിയൊരുക്കുക എന്ന ലക്ഷ്യത്തോടെയുള്ള ദ്വിദിന ശിൽപ്പശാലയായ ചിൽഡ്രൻസ് കോൺക്ലേവിന് തുടക്കമായി. വെള്ളയമ്പലത്തെ ട്രിവാൻഡ്രം സോഷ്യൽ സർവീസ് സൊസൈറ്റിയിൽ നടക്കുന്ന പരിപാടിയുടെ ഉദ്ഘാടനം വനിതാ ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ് വീഡിയോ കോൺഫറൻസിലൂടെ നിർവഹിച്ചു. കമ്മിഷൻ ചെയർപേഴ്സൺ കെ.വി. മനോജ്കുമാർ അധ്യക്ഷത നിർവഹിച്ച ചടങ്ങിൽ കമ്മിഷൻ അംഗം കെ.കെ.ഷാജു സ്വാഗതമാശംസിച്ചു. കർണാടക ബാലാവകാശ കമ്മിഷനിലെ ശരിധർ കോസംബേ, തിപ്പസ്വാമി, വെങ്കിടേഷ് എന്നിവർ പ്രത്യേക ക്ഷണിതാക്കളായി കോൺക്ലേവിൽ പങ്കെടുത്തു. യോഗത്തിൽ കമ്മിഷൻ സെക്രട്ടറി ഷൈനി ജോർജ് നന്ദി അറിയിച്ചു.ഓരോ ജില്ലയിലെയും ട്രൈബൽതീരദേശഗ്രാമീണ മേഖലകളിലെ സ്കൂളുകളിൽ നിന്നും അഞ്ച് കുട്ടികൾ വീതമാണ് ശിൽപ്പശാലയിൽ പങ്കെടുക്കുന്നത്. വിദ്യാഭ്യാസ അവകാശവും ഇന്ത്യൻ ഭരണഘടനയും, ശുചിത്വവും പരിസ്ഥിതി സംരക്ഷണവും, ദുരന്ത നിവാരണവും പാഠ്യപദ്ധതിയും, ജീവിതത്തിന്റെ എ പ്ലസ്, കുട്ടികളുടെ സുരക്ഷസംരക്ഷണാവകാശങ്ങൾ എന്നീ വിഷയങ്ങളിൽ ഐ.എം.ജി ഡയറക്ടർ കെ.ജയകുമാർ, ഡോ. ജി.എസ്. പ്രദീപ്, കെ.കെ.സുബൈബർ, ഡോ. കെ.ജി. താര എന്നിവർ കുട്ടികളുമായി സംവദിച്ചു. കമ്മിഷൻ അംഗങ്ങളായ ഡോ. എഫ്. വിൽസൺ, ബി.മോഹൻ കുമാർ, സുനന്ദ എൻ, സിസിലി ജോസഫ്, ജലജമോൾ റ്റി.സി. എന്നിവർ ചർച്ചകളിൽ മോഡറേറ്റർമാരായി. കുട്ടികളുടെ ആശയങ്ങളും കാഴ്ചപ്പാടുകളും പ്രകടിപ്പിക്കാനുള്ള സവിശേഷ വേദിയായാണ് ശിൽപ്പശാല സംഘടിപ്പിക്കുന്നത്. പ്രത്യേക വിഷയങ്ങളിൽ ഗ്രൂപ്പ് ചർച്ചകൾ, പാനൽ ചർച്ചകൾ, ആശയ ശേഖരണം, ഓപ്പൺ ഫോറം തുടങ്ങിയവ ദ്വിദിന കോൺക്ലേവിന്റെ ഭാഗമാകും.

## 'മെറി ഹോം' വായ്പ പലിശ 7%

**തിരുവനന്തപുരം:** ഭിന്നശേഷിക്കാർക്ക് വീടു നിർമ്മിക്കുന്നതിനും വാങ്ങുന്നതിനും സാമൂഹ്യനീതി വകുപ്പിനു കീഴിൽ സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ മുഖേന നൽകിവരുന്ന 'മെറി ഹോം' ഭവന വായ്പയുടെ പലിശ ഏഴു ശതമാനമാക്കി കുറച്ചതായി ഉന്നതവിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ആർ ബിന്ദു അറിയിച്ചു. അമ്പതു ലക്ഷം രൂപ വരെയുള്ള വായ്പക്കാണ് പലിശ ഏഴു ശതമാനമാക്കി കുറച്ചത്.യാതൊരുവിധ പ്രോസസിങ് ചാർജ്ജും ഇല്ലാതെ ഏറ്റവും ലളിതമായ നടപടിക്രമങ്ങളിലൂടെയാണ് ഭിന്നശേഷിക്കാർക്ക് മെറി ഹോം പദ്ധതിയിൽ വായ്പ നൽകിവരുന്നത്. ഭിന്നശേഷിക്കാർക്ക് ഈ ആവശ്യത്തിന് മറ്റെങ്ങും ലഭിക്കാത്ത കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്ന സവിശേഷ പദ്ധതിയാണിത്. അർഹരായ മുഴുവൻ ഭിന്നശേഷിക്കാരിലും ഈ പദ്ധതിയുടെ വിവരമെത്താൻ സമൂഹശ്രദ്ധ ഉണ്ടാകണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു.വിശദ വിവരങ്ങൾക്കും അപേക്ഷാ ഫോറത്തിനും സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ, പൂജപ്പുര, തിരുവനന്തപുരം 695012 എന്ന വിലാസത്തിൽ ബന്ധപ്പെടാം. www.hpwc.kerala.gov.in എന്ന വിലാസത്തിലും 0471 2347768, 9497281896 എന്നീ നമ്പറുകളിലും വിവരം ലഭിക്കും.



## സിന്തറ്റിക് ട്രാക്കിന്റെ ഉദ്ഘാടനം ഇന്ന്

**കൊച്ചി:** മഹാരാജാസ് കോളേജിലെ നവീകരിച്ച സിന്തറ്റിക് ട്രാക്കിന്റെയും പുതിയ കമ്പ്യൂട്ടർ ലാബിന്റെയും ഉദ്ഘാടനം ഇന്ന് നടക്കും. രാവിലെ 11.30 ന് ഉന്നത വിദ്യാഭ്യാസ, സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം നിർവഹിക്കും. ടി.ജെ വിനോദ് എം.എൽ.എ അദ്ധ്യക്ഷത വഹിക്കും.കൊച്ചി കോർപ്പറേഷൻ മേയർ അഡ്വ. എം അനിൽകുമാർ മുഖ്യാതിഥിയാകും.ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ്, കോളേജ് വിദ്യാഭ്യാസ ഡയറക്ടർ കെ. സുധീർ, സ്പോർട്സ് കേരള ഫൗഷേൻ മാനേജിംഗ് ഡയറക്ടർ പി.വിഷ്ണു രാജ് തുടങ്ങിയവർ പങ്കെടുക്കും. കേരള സർക്കാരിന്റെ പ്ലാൻ ഫിൽ നിന്ന് ആറര കോടി രൂപ ചെലവഴിച്ചാണ് അത്യാധുനിക സംവിധാനത്തിൽ നവീകരിച്ച സിന്തറ്റിക് ട്രാക്കിന്റെ നിർമ്മാണം പൂർത്തിയാക്കിയത്. കേരള സ്കൂൾ ഒളിമ്പിക്സ് ഉൾപ്പെടെയുള്ള മത്സരങ്ങൾ നടത്തിയിട്ടുള്ള സ്റ്റേഡിയം മഹാരാജാസ് കോളേജിലെ വിദ്യാർത്ഥികൾക്ക് മാത്രമല്ല കേരളത്തിലെ കായിക മേഖലയ്ക്കും ഏറെ ഗുണകരമാകും.

## പുതിയ ലബോറട്ടറികളുടെ ഉദ്ഘാടനം ഇന്ന്

**കൊച്ചി:** തൃക്കാക്കര ഗവ മോഡൽ എഞ്ചിനീയറിംഗ് കോളേജിൽ അത്യാധുനിക സൗകര്യങ്ങളോടെ സ്ഥാപിച്ച ര് ലബോറട്ടറികളുടെ ഉദ്ഘാടനം ഇന്ന് രാവിലെ 10.30ന് വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു നിർവഹിക്കും . സാങ്കേതികമായി മുന്നേറുന്നതിനും വ്യവസായ ആവശ്യങ്ങൾ നിറവേറ്റുന്നതിനുമായി മെഷീൻ ടൂൾ ലബോറട്ടറി, കോമൺ കമ്പ്യൂട്ടിംഗ് സെന്റർ എന്നിവയാണ് കാമ്പസിൽ സ്ഥാപിച്ച **രണ്ട്** പുതിയ ലാബുകൾ.550 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള മെഷീൻ ടൂൾ ലബോറട്ടറിയിലൂടെ ഏറ്റവും പുതിയ മെഷീനറികൾ, ഓട്ടോമേഷൻ സാങ്കേതികവിദ്യകൾ എന്നിവയിൽ പരിശീലനം നൽകും. 480 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള കോമൺ കമ്പ്യൂട്ടറിംഗ് സെന്ററിലൂടെ ഡാറ്റാ സയൻസ്, മെഷീൻ ലേണിംഗ്, സിമുലേഷനുകൾ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ മേഖലകളിലെ സങ്കീർണ്ണമായ കമ്പ്യൂട്ടേഷണൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നൂതന കമ്പ്യൂട്ടിംഗ് വിഭവങ്ങളിലേക്ക് വിദ്യാർത്ഥികൾക്കും ഗവേഷകർക്കും പരിശീലനം നൽകും.

## ടെൻഡർ ക്ഷണിച്ചു

കൊച്ചി: വനിതാ ശിശു വകുപ്പിന് കീഴിലുള്ള ജില്ലയിലെ മുളന്തുരുത്തി ഐ.സി.ഡി.എസ് പ്രൊജക്ടിലെ 117ാം നമ്പർ അങ്കണവാടിയിലേക്ക് 2024-25 സാമ്പത്തിക വർഷം പ്രീ സ്കൂൾ കിറ്റ് വിതരണം ചെയ്യുന്നതിന് താല്പര്യമുള്ള സ്ഥാപനങ്ങൾ/ വ്യക്തികളിൽ നിന്നും ടെൻഡർ ക്ഷണിച്ചു. ഫെബ്രുവരി 20 ഉച്ചകഴിഞ്ഞ് 2.30 വരെ ടെൻഡർ സമർപ്പിക്കാം. ഫോൺ : 8281999192

## ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ

കൊച്ചി: കേന്ദ്ര സർക്കാർ സംരംഭമായ ബിസിൽ ട്രെയിനിംഗ് ഡിവിഷൻ നടത്തുന്ന ഒരു വർഷം ദൈർഘ്യമുള്ള പി ജി ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ (യോഗ്യത ഡിഗ്രീ), പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ (യോഗ്യത +2), ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ (യോഗ്യതഎസ് എസ് എൽ സി ) തുടങ്ങിയ കോഴ്സുകളിലേക്ക് അപേക്ഷക്ഷണിച്ചു. മികച്ച ഹോസ്പിറ്റലുകളിൽ ഇന്റേൺഷിപ്പ് ചെയ്യാൻ അവസരം. വിശദ വിവരങ്ങൾക്ക് ph: 7994449314

## ക്യാൻസർ ബോധവത്കരണ ക്യാമ്പയിൻ

**കൊച്ചി:** നവകേരള കർമ്മ പദ്ധതി രിന്റെ ഭാഗമായി ആർദ്രം മിഷനിൽ ഉൾക്കൊള്ളിച്ച് സ്തന/ ഗർഭാശയഗള ക്യാൻസർ ബോധവത്കരണ ക്യാമ്പയിൻ സംഘടിപ്പിക്കുന്നു. ഫെബ്രുവരി 4 മുതൽ മാർച്ച് 8 വരെയാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. ക്യാമ്പയിന്റെ ഭാഗമായി കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിൽ ഫെബ്രുവരി 4 മുതൽ മാർച്ച് 8 വരെയുള്ള എല്ലാ ശനിയാഴ്ചകളിലും രാവിലെ ഒമ്പത് മുതൽ ഉച്ചക്ക് ഒന്ന് വരെ സ്തന/ ഗർഭാശയഗള ക്യാൻസർ നിർണ്ണയം സൗജന്യമായി നടത്തും. ആനുകൂല്യം ലഭ്യമാകുന്നതിന് മുൻകൂട്ടി രജിസ്ട്രേഷൻ ആവശ്യമാണ്. പൊതുജനങ്ങൾക്കും അയൽക്കൂട്ടങ്ങൾക്കും സർക്കാരിതര സംഘടനകൾക്കും സേവനം ഉപയോഗപ്പെടുത്താം.
കൂടുതൽ വിവരങ്ങൾക്ക്: 0484- 2411700.

## ടെണ്ടർ ക്ഷണിച്ചു

**കൊച്ചി;** വനിത ശിശുവികസന വകുപ്പിന് കീഴിലുള്ള ജില്ലയിലെ കൊച്ചി അർബൻ 2 ഐ.സി.ഡി.എസ് പ്രോജക്ടിലെ 130 അങ്കണവാടികളിലേക്ക് 2024-25 സാമ്പത്തിക വർഷം പ്രീ സ്കൂൾ എഡ്യുക്കേഷ9 കിറ്റുകൾ വാങ്ങി വിതരണം ചെയ്യുന്നതിന് താല്പര്യമുള്ള വ്യക്തികൾ /സ്ഥാപനങ്ങളിൽ നിന്നും ടെുകൾ ക്ഷണിച്ചു. ടെർ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 17. ടെർ സംബന്ധിച്ച വിശദവിവരങ്ങൾ എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 10നും വൈകിട്ട് 5 നും ഇടയിൽ കൊച്ചി അ4ബ9 2, തേവര, ശിശുവികസന പദ്ധതി ഓഫീസിൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക 0484 2663169

# ബ്രഹ്മപുരത്ത് സി.ബി.ജി പ്ലാന്റ് മാർച്ച് അവസാനത്തോടെ യാഥാർത്ഥ്യമാകും



**കൊച്ചി:** ബ്രഹ്മപുരത്ത് സി.ബി.ജി (കംപ്രസ്ഡ് ബയോ ഗ്യാസ്) പ്ലാന്റ് മാർച്ച് അവസാനത്തോടെ യാഥാർത്ഥ്യമാകുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ്. ബ്രഹ്മപുരം മാലിന്യസംസ്കരണ കേന്ദ്രം സന്ദർശിച്ച ശേഷം നടത്തിയ വാർത്ത സമ്മേളനത്തിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്.റെക്കോർഡ് വേഗത്തിലാണ് ബി.പി.സി.എല്ലിന്റെ നേതൃത്വത്തിൽ പ്ലാന്റിന്റെ നിർമ്മാണം പുരോഗമിക്കുന്നത്. പ്രതിദിനം 150 ടൺ മാലിന്യം സംസ്കരിച്ച് 15 ടൺ ബയോഗ്യാസ് ഉത്പാദിപ്പിക്കാൻ ശേഷിയുള്ള പ്ലാന്റാണ് ഇത്. പ്ലാന്റിൽ ഉത്പാദിപ്പിക്കുന്ന ഗ്യാസ് പൈപ്പ് ലൈനിലൂടെ റിഫൈനറിയിൽ എത്തിച്ച് ഉപയോഗിക്കും. കൊച്ചിയിലെ പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാകുന്നതിനൊപ്പം തിരുവനന്തപുരത്തും കോഴിക്കോടും പുതിയ പ്ലാന്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും. ബി.പി.സി.എൽ തന്നെയാണ് നിർമ്മാണത്തിന് നേതൃത്വം നൽകുക. കൂടാതെ കണ്ണൂർ, കൊല്ലം, ചങ്ങനാശേരി ഉൾപ്പെടെയുള്ള സ്ഥലങ്ങളിലും ചർച്ചകൾ പുരോഗമിക്കുകയാണ്.ബ്രഹ്മപുരം അപകടത്തെ മാലിന്യമുക്ത നവകേരള സൃഷ്ടിക്കുള്ള അവസരമായാണ് സർക്കാർ ക്കത്. മാലിന്യമുക്ത കേരളം യാഥാർത്ഥ്യത്തിലേക്ക് അടുത്തുകൊിരിക്കുന്നു. 2023 ലെ അപകട ശേഷം ബ്രഹ്മപുരത്തെ ഒരു പൂങ്കാവനമാക്കി മാറ്റും എന്ന് ഉറപ്പു നൽകിയിരുന്നു. അന്നതിനെ പരിഹസിച്ചവർ ു്. എന്നാൽ കൊച്ചിക്ക് സർക്കാർ നൽകിയ വാക്ക് പാലിക്കുകയാണ്.ബ്രഹ്മപുരത്തെ മാലിന്യമലകൾ ഓരോന്നായി ഇല്ലാതാവുകയാണ്. ബ്രഹ്മപുരത്ത് പതിറ്റാുകളായി കുന്നുകൂടിക്കിടന്ന മാലിന്യമാണ് ബയോ മൈനിംഗിലൂടെ നീക്കം ചെയ്യുന്നത്. ബയോമൈനിംഗ് 75% പൂ4ത്തിയായി. ആകെ കണക്കാക്കിയ 8,43,000 മെട്രിക് ടൺ മാലിന്യത്തിൽ 6,08,325 ടൺ മാലിന്യം ബയോ മൈനിംഗിലൂടെ നീക്കി. ഇങ്ങനെ 18 ഏക്കർ സ്ഥലം വീടെുക്കാനും കഴിഞ്ഞു. ആകെയുള്ള 39 ഏക്കർ സ്ഥലത്തിന്റെ 46 % മാണിത്. മാലിന്യം നീക്കം ചെയ്ത പ്രദേശത്താണ് സി.ബി.ജി പ്ലാന്റ് ഒരുങ്ങുന്നതും.

## മാലിന്യം വലിച്ചെറിയുന്നതിനെതിരേ കർശന നടപടി

**കൊച്ചി:** മാലിന്യം വലിച്ചെറിയുന്ന പ്രവണത അവസാനിപ്പിക്കാൻ അടുത്ത രണ്ടുമാസം വിപുലമായ ശ്രമങ്ങൾ നടത്താൻ സർക്കാർ തീരുമാനിച്ചതായി മന്ത്രി പറഞ്ഞു. ബോധവൽക്കരണത്തിന് പുറമേ പരിശോധനകൾ ഗണ്യമായി വർദ്ധിപ്പിക്കും. നിയമലംഘനങ്ങക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നടപടി സ്വീകരിക്കും. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയാകും ഈ പ്രവർത്തനങ്ങൾ നടത്തുകയെന്നും മന്ത്രി അറിയിച്ചു. ബ്രഹ്മപുരം മാലിന്യ സംസ്കരണ കേന്ദ്രത്തിലെ വിവിധ പോയിന്റുകൾ സന്ദർശിച്ച് മന്ത്രി സ്ഥിതിഗതികൾ വിലയിരുത്തി. ബയോ മൈനിംഗിലൂടെ വീണ്ടെടുത്ത സ്ഥലത്ത് ഒരുക്കിയ പിച്ചിൽ ക്രിക്കറ്റ് കളിക്കുകയും സമീപസ്ഥലത്ത് വൃക്ഷത്തൈ നടുകയും ചെയ്തു.വാർത്താ സമ്മേളനത്തിൽ പി.വി ശ്രീനിജിൻ എം.എൽ.എ, കൊച്ചി മേയർ അഡ്വ. എം. അനിൽ കുമാർ, തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി.വി അനുപമ, ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്, ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യു.വി ജോസ്, വടവുകോട്പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സോണിയ മുരുകേശൻ, കൊച്ചി കോർപ്പറേഷൻ സെക്രട്ടറി പി.എസ് ഷിബു, മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## 36 കോടി രൂപയുടെ കരട് വികസന പദ്ധതിയുമായി മരട് നഗരസഭ



**കൊച്ചി:** മരട് നഗരസഭയുടെ 202526 വർഷത്തെ വാർഷിക കർമപദ്ധതി തയ്യാറാക്കുന്നതിനുള്ള വികസന സെമിനാർ കെ ബാബു എംഎൽഎ ഉദ്ഘാടനം ചെയ്തു. കുന്നൂരിലുള്ള പെട്രോ ഹൗസിൽ നടത്തിയ പരിപാടിയിൽ കരട് പദ്ധതിരേഖ പ്രകാശനവും നടന്നു. നഗരസഭ ചെയർമാൻ ആന്റണി ആശാംപറമ്പിൽ അധ്യക്ഷത വഹിച്ചു.മാലിന്യ സംസ്കരണം , വിദ്യാഭ്യാസം, ആരോഗ്യം , വനിതാക്ഷേമംകൃഷി, മൃഗസംരക്ഷണം, വ്യവസായം, തൊഴിൽ, വിദ്യാഭ്യാസം, ഭിന്നശേഷിക്കാർക്കുള്ള പദ്ധതികൾ വയോജനക്ഷേമ പദ്ധതികൾ എന്നിങ്ങനെ വിവിധ മേഖലകളിൽ ഊന്നൽ നൽകി 36 കോടി രൂപയുടെ കരട് പദ്ധതിയാണ് തയ്യാറാക്കിയിരിക്കുന്നത് .ചടങ്ങിൽ വൈസ് ചെയർപേഴ്സൺ അഡ്വ.രശ്മി സനിൽ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരായ റിയാസ് കെ മുഹമ്മദ് , റിനി തോമസ്, ശോഭ ചന്ദ്രൻ , ബിനോയ് ജോസഫ്, ബേബി പോൾ, ആസൂത്രണ സമിതി ഉപാദ്ധ്യക്ഷൻ പി.പി. സന്തോഷ്, കൗൺസിലർമാരായ സി. ആർ.ഷാനവാസ്, സിബി സേവ്യർ , പി.ഡി.രാജേഷ്, ചന്ദ്രകലാധരൻ, മിനി ഷാജി, ബെൻഷാദ് നടുവില വീട്, അജിത നന്ദകുമാർ, ദിഷ പ്രതാപൻ, എ.ജെ. തോമസ്,ടി.എം. അബ്ബാസ്, പത്മപ്രിയ വിനോദ്, മോളി ഡെന്നി ,ജയ ജോസഫ് , രേണുക ശിവദാസ് , ജെയ്നി പീറ്റർ , സീമ ചന്ദ്രൻ , കെ.വി സീമ., ഷീജ സാൻകുമാർ , ഇ.പി. ബിന്ദു , ജിജി പ്രേമൻ, ഉഷ സഹദേവൻ, നഗരസഭാ സെക്രട്ടറി ഇ. നാസ്സിം എന്നിവർ പ്രസംഗിച്ചു. നഗരസഭാ പരിധിയിലെ വിവിധ രാഷ്ട്രീയ പ്രതിനിധികൾ ഉൾപ്പെടെ വിവിധ മേഖലകളിലെ പ്രഗത്ഭർ വികസന സെമിനാറിൽ പങ്കെടുത്തു.

# ഗുണനിലവാരം ഇല്ലാത്ത സോളാർ പാനൽ ; 2.70 ലക്ഷം നഷ്ടപരിഹാരം നൽകണം

കൊച്ചി: ഗുണനിലവാരമില്ലാത്തതും കാലഹരണപെട്ടതുമായ സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചു നൽകി നഷ്ടമുാക്കിയെന്ന കേസിൽ 2.70 ലക്ഷം രൂപ ഉപഭോക്താവിന് നഷ്ടപരിഹാരം നൽകണമെന്ന് എറണാകുളം ജില്ല ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ ഉത്തരവ്.മൂവാറ്റുപുഴ സ്വദേശി ഫ്രാൻസിസ് ജോൺ, തൊടുപുഴയിൽ പ്രവർത്തിക്കുന്ന റിക്കോ എനർജി ഇന്ത്യ എന്ന സ്ഥാപനത്തിനെതിരെ സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്.അഞ്ചുവർഷം വാറിയും അഞ്ചുവർഷം അധിക വാറിയും ലഭിക്കുമെന്ന ഉറപ്പിൻ മേലാണു പരാതിക്കാരൻ എതിർകക്ഷിയിൽ നിന്നും സോളാർ പവർ പ്ലാന്റ് വീട്ടിൽ സ്ഥാപിക്കുന്നതിനു സമീപിക്കുകയും 2,55,760 രൂപ നൽകുകയും ചെയ്തു. കുറച്ചു നാളുകൾക്കു ശേഷം സോളാർ പ്ലാന്റ് പ്രവർത്തനരഹിതമായി. മാത്രമല്ല, 2,723/ രൂപ കൂടുതലായി വൈദ്യുതി ബില്ലും പരാതിക്കാരനു ലഭിച്ചു. സാധാരണ 200 രൂപയായിരുന്നു വൈദ്യുതി ബില്ല്.ഈ സാഹചര്യത്തിലാണു കാലഹരണപ്പെട്ട സാങ്കേതിവിദ്യ ഉപയോഗിച്ചു നിർമിച്ച സോളാർ പാനൽ നൽകി കബളിപ്പിച്ചു എന്നാരോപിച്ച് എതിർകക്ഷിയ്ക്കെതിരെ നഷ്ടപരിഹാരം ആവശ്യപ്പെട്ടു പരാതിക്കാരൻ കമ്മീഷനെ സമീപിച്ചത്.

ഗണ്യമായ തുക സോളാർ പാനലിനു ചെലവഴിച്ച ശേഷം, വാഗ്ദാനം ചെയ്തത് പോലെയുള്ള ഫലം ഉപഭോക്താവിനു് ലഭിച്ചില്ല എന്നതു വ്യക്തമാണെന്നു ഡി.ബി ബിനു അധ്യക്ഷനും വി രാമചന്ദ്രൻ, ടി.എൻ ശ്രീവിദ്യ എന്നിവർ അംഗങ്ങളുമായ ബെഞ്ച് വിലയിരുത്തി. പരാതിക്കാരൻ നൽകിയ 2,55,760/ രൂപ തിരികെ നൽകാനും നഷ്ടപരിഹാരം കോടതി ചെലവ് ഇനങ്ങളിൽ 15,000/ രൂപയും 45 ദിവസത്തിനകം ഉപഭോക്താവിനു നൽകാൻ എതിർകക്ഷികൾക്ക് ഉത്തരവു നൽകി. പരാതിക്കാരനു വേി അഡ്വ. ടോം ജോസഫ് കോടതിയിൽ ഹാജരായി

# സമ്പൂർണ ഹരിത പ്രഖ്യാപനങ്ങൾ നടത്തി മുളന്തുരുത്തി



**കൊച്ചി;** മാലിന്യ മുക്ത നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ജില്ലയിൽ ആദ്യ സമ്പൂർണ ബ്ലോക്ക് തല ഹരിത പ്രഖ്യാപനം ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് നിർവഹിച്ചു. മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷാജി മാധവൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ആമ്പല്ലൂർ, മണിട്, എടക്കാട്ടു വയൽ, ചോറ്റാനിക്കര, മുളന്തുരുത്തി, ഉദയംപേരൂർ എന്നീ ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന മുളന്തുരുത്തി ബ്ലോക്കിലെ ആകെ 138 സർക്കാർ പൊതുമേഖലാ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, 70 വിദ്യാലയങ്ങൾ, 7 കലാലയങ്ങൾ, 152 അങ്കണവാടികൾ,1079 അയൽക്കൂട്ടങ്ങൾ എന്നിവയുടെ ഹരിത പ്രഖ്യാപനമാണ് നടത്തിയത്.ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ എല്ലാ പഞ്ചായത്തുകളിലേയും വിദ്യാലയങ്ങൾ, അങ്കണവാടികൾ, സർക്കാർ ഓഫീസുകൾ, പൊതുമേഖല സ്ഥാപനങ്ങൾ, അയൽക്കൂട്ടങ്ങൾ എന്നിവ നേരിൽ പരിശോധിച്ച്, ഗ്രേഡ് നടത്തുകയും പോരായ്മകൾ പരിഹരിച്ച് അവരെ നിശ്ചിത നിലവാരത്തിലേക്ക് ഉയർത്തി ഹരിത സർട്ടിഫിക്കറ്റിന് അർഹരാക്കിക്കൊണ്ടാണ് ബ്ലോക്ക് തല ഹരിത പ്രഖ്യാപനത്തിലേക്ക് എത്തിച്ചേർന്നത്.

2024 ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിൽ ആരംഭിച്ച് 2025 മാർച്ച് 30 അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനം വരെ നീണ്ടുനിൽക്കുന്ന വിപുലമായ മാലിന്യ മുക്ത നവകേരളം ക്യാമ്പയിൻ നാലാം ഘട്ടം കേരളമാകെ നടന്നു കൊണ്ടിരിക്കുകയാണ്.2025 മാർച്ച് 30ന് സമ്പൂർണ്ണ ശുചിത്വ കേരളമായി പ്രഖ്യാപിക്കുകയാണ് ലക്ഷ്യം.മുളന്തുരുത്തി ,ഉദയംപേരൂർ ,ആമ്പലൂർ ,മണീട് ,എടക്കാട്ടുവയൽ ,ചോറ്റാനിക്കര ഗ്രാമപഞ്ചായത് പ്രസിഡന്റുമാരായ മറിയാമ്മ ബെന്നി,സജിത മുരളി ,ബിജു എം തോമസ്, പോൾ വർഗീസ് ,കെ ആർ ജയകുമാർ, എം ആർ രാജേഷ്, , ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ എസ് രഞ്ജിനി, ശുചിത്വ മിഷൻ ജില്ലാ പ്രോഗ്രാം ഓഫീസർ ധന്യ ജോസി, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിന്ദു സജീവ്, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ഷാജു പോൾ , മുളന്തുരുത്തി ഗ്രാമപഞ്ചായത് സെക്രട്ടറി എൻ എം ഷാജിമോൻ, കില റിസോർസ് പേഴ്സൺ കെ എ മുകുന്ദൻ, ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ കെ ടി രത്നഭായ് എന്നിവർ സംസാരിച്ചു. യോഗത്തിൽ പ്രവത്തനങ്ങൾക്ക് നേതൃത്വം നൽകിയ ഗ്രാമപഞ്ചായത്ത് ഭരണസമിതി, സി ഡി എസ് ഭരണസമിതി, ഹരിതകർമ്മസേന, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, അസി.സെക്രട്ടറി, വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവരെ ജില്ലാ ഭരണകൂടവും ഹരിതകേരളം മിഷനും ചേർന്ന് ആദരിച്ചു .കൂടാതെ ബ്ലോക്കിലെ വിവിധ മാതൃക സ്ഥാപങ്ങൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും നടത്തി.

## കാലടി പഞ്ചായത്തിൽ അങ്കണവാടി വർക്കർമാരെ നിയമിക്കുന്നു

**കൊച്ചി:** അങ്കമാലി അഡീഷണൽ ഐ.സി.ഡി.എസ്. പ്രോജക്ടിന്റെ പരിധിയിലുള്ള കാലടി പഞ്ചായത്തിലെ അങ്കണവാടി വർക്കർമാരുടെ ഭാവിയിൽ ഉാകാവുന്ന ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനായി അപേക്ഷകൾ ക്ഷണിച്ചു. കാലടി പഞ്ചായത്തിലെ സ്ഥിരതാമസക്കാരായ 18നും 46 വയസിനും ഇടയിൽ പ്രായമുള്ള വനിതകൾക്ക് അപേക്ഷിക്കാം. എസ്.എസ്.എൽ.സിയാണ് അടിസ്ഥാന യോഗ്യത. അപേക്ഷകൾ ഫ്രെബ്രുവരി 25 വൈകിട്ട് അഞ്ച് വരെ അങ്കമാലി അഡീഷണൽ ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസിൽ സ്വീകരിക്കുന്നതാണ്. അപേക്ഷയുടെ മാതൃക അങ്കമാലി അഡീഷണൽ ഐ.സി.ഡി.എസ്. പ്രോജക്ട് നിന്നും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: 0484 2459255, 9288194914

# ഫോർട്ട് കൊച്ചി ബോട്ട് ജെട്ടിയുടെയും കാറ്റമറൈൻ ബോട്ടുകളുടെയും ഉദ്ഘാടനം ഇന്ന്

**കൊച്ചി:** സംസ്ഥാന ജലഗതാഗത വകുപ്പ് പുതുതായി നീറ്റിലിറക്കുന്ന 100, 75 പാസഞ്ച4 കപ്പാസിറ്റിയുള്ള കാറ്റമറൈൻ ബോട്ടുകളുടെയും അഞ്ച് ഡിങ്കി ബോട്ടുകളുടെയും സിൽറ്റ് പുഷർ മെഷീന്റെയും നവീകരിച്ച ഫോർട്ട് കൊച്ചി ബോട്ട് ജെട്ടിയുടെയും ഉദ്ഘാടനം എറണാകുളം ബോട്ട് ജെട്ടിയിൽ മന്ത്രി കെ.ബി. ഗണേഷ് കുമാർ വൈകിട്ട് 4 ന് നി4വഹിക്കും. ടി.ജെ. വിനോദ് എംഎൽഎ അധ്യക്ഷത വഹിക്കും. മേയ4 എം. അനിൽ കുമാർ മുഖ്യപ്രഭാഷണം നടത്തും. ഹൈബി ഈഡ9 എംപി വിശിഷ്ടാതിഥിയാകും. എംഎൽഎമാരായ കെ.ജെ. മാക്സി, കെ.എ9. ഉണ്ണികൃഷ്ണ9, ജലഗതാഗത വകുപ്പ് ഡയറക്ട4 ഷാജി വി നായർ, ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ്, കൗൺസില4മാരായ പത്മജ എസ് മേനോ9, ടി.കെ. അഷ്റഫ്, ആന്റണി കുരീത്തറ, ജലഗതാഗത വകുപ്പ് സൂപ്രണ്ട് എം. സുജിത്ത് തുടങ്ങിയവർ പങ്കെടുക്കും.

## ടെണ്ടർ ക്ഷണിച്ചു

**കൊച്ചി:** മൂവാറ്റുപുഴ ഐ.സി.ഡി.എസ് പ്രോജക്ടിലെ 17 അങ്കണവാടികൾക്ക് ആവശ്യമുള്ള ഫർണിച്ചർ/ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് താല്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും വ്യവസ്ഥകൾക്ക് വിധേയമായി ടെുകൾ ക്ഷണിച്ചു. ഫെബ്രുവരി 17 ന് ഉച്ചയ്ക്ക് 2 വരെ ടെുകൾ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ഫോൺ നമ്പർ 04852814205.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** ഗവൺമെന്റ് എച്ച് എസ് എസ് എളമക്കരയിൽ ജിയോളജി ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിന് അംഗീകൃത ഏജൻസികളിൽ നിന്നും ടെൻഡർ ക്ഷണിച്ചു.ടെൻഡറുകൾ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 19 ന് 3 വരെ.
ഫോൺ:9446381161,9446688108

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** കൺസ്യൂമർ ഫെഡിന്റെ വിവിധ യൂണിറ്റുകൾ വഴി വിൽപ്പന നടത്തുന്ന തിനാവശ്യമായ കോപ്പിയർ പേപ്പറുകൾ, സ്കൂൾ, ഓഫീസ് സ്റ്റേഷനറി, സ്പോർട്ട്സ്, പ്ലാസ്റ്റിക്ക്, ഹൗസ് ഹോൾഡ് ഉൽപന്നങ്ങൾ മറ്റ് കിജന്റ് ഇനങ്ങൾ എന്നിവ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു.
ഫെബ്രുവരി 13 രാവിലെ 10.30 ന് കൺസ്യൂമർഫെഡ് ഹെഡ് ഓഫീസിൽ പർച്ചേയ്സ് കമ്മിറ്റി നെഗോസിയേഷൻ നടത്തുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾ www.consumerfed.net. വെബ്സൈറ്റിൽ ലഭ്യമാണ്.ഫോൺ :0484-2203507, 9846292724, 9496183411, 9961181,

## ക്വട്ടേഷൻ ക്ഷണിച്ചു

കൊച്ചി: മുനമ്പം ഫിഷിംഗ് ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ മുനമ്പത്തുള്ള പഴയ ക്യാന്റീൻ റിനോവേഷൻ നടത്തിയത് തരകൻസ് ഓഫീസ് / ലേല ഓഫീസ് ആയി തരകൻമാർക്ക് മാത്രമായി ഉപയോഗിക്കുന്നതിന് 1,2,3 എന്നീ നമ്പർ മുറികൾ 01/03/2025 മുതൽ 28/02/2026 വരെ (ഒരു വർഷത്തേക്ക്) വാടകയ്ക്ക് നൽകുന്നതിന് മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക് ബന്ധപ്പെടേ നമ്പർ 0484- 2397370.

## സൗജന്യ പരിശീലനം

**കൊച്ചി:** പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ആലുവ സബ്ജയിൽ റോഡിൽ പ്രവർത്തിക്കുന്ന ഗവ.പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്ററിൽ, എറണാകുളം ,കോട്ടയം, ഇടുക്കി ആലപ്പുഴ, എന്നീ ജില്ലകളിലെ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകളിൽ സൗജന്യ പരിശീലനം നൽകുന്നു. മൂന്നുമാസം ദൈർഘ്യമുള്ള ഡാറ്റ എൻട്രി, ഡി. റ്റി. പി എന്നീ കോഴ്സുകളുടെ പരിശീലനം ഫെബ്രുവരി 17 രാവിലെ 10ന് ആരംഭിക്കും.താല്പര്യമുള്ളവർ ജാതി വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ഫെബ്രുവരി 14 വൈകിട്ട് 4.30ന് മുൻപായി നേരിട്ട് അപേക്ഷ സമർപ്പിക്കണം. 18നും 25നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. അടിസ്ഥാന യോഗ്യത പത്താം ക്ലാസ്. ഡി. റ്റി.പി കോഴ്സിന് ഡാറ്റ എൻട്രിയോ, ഇംഗ്ലീഷ് ടൈപ്പ് റൈറ്റിങ് ലോവറോ തത്തുല്യ യോഗ്യത ഉായിരിക്കണം. അപേക്ഷ ഫോറത്തിന്റെ മാതൃക ബന്ധപ്പെട്ട ജില്ലാ, ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിൽ ലഭ്യമാണ്.

## അങ്കണവാടി വർക്കർമാരെ നിയമിക്കുന്നു

**കൊച്ചി:** അങ്കമാലി അഡീഷണൽ ഐ.സി.ഡി.എസ്. പ്രോജക്ടിന്റെ പരിധിയിലുള്ള കാലടി പഞ്ചായത്തിലെ അങ്കണവാടി വർക്കർമാരുടെ ഭാവിയിൽ ഉാകാവുന്ന ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനായി അപേക്ഷകൾ ക്ഷണിച്ചു. കാലടി പഞ്ചായത്തിലെ സ്ഥിരതാമസക്കാരായ 18നും 46 വയസിനും ഇടയിൽ പ്രായമുള്ള വനിതകൾക്ക് അപേക്ഷിക്കാം. എസ്.എസ്.എൽ.സിയാണ് അടിസ്ഥാന യോഗ്യത. അപേക്ഷകൾ ഫ്രെബ്രുവരി 25 വൈകിട്ട് അഞ്ച് വരെ അങ്കമാലി അഡീഷണൽ ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസിൽ സ്വീകരിക്കുന്നതാണ്. അപേക്ഷയുടെ മാതൃക അങ്കമാലി അഡീഷണൽ ഐ.സി.ഡി.എസ്. പ്രോജക്ട് നിന്നും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: 0484 2459255, 9288194914

## ടെണ്ടർ ക്ഷണിച്ചു

**കൊച്ചി:** വനിത ശിശുവികസന വകുപ്പിന് കീഴിലുള്ള ജില്ലയിലെ അങ്കമാലി അഡീഷ്ണൽ ഐ.സി.ഡി.എസ് പ്രോജക്ടിലെ 20 അങ്കണവാടികളിലേക്ക് 202425 സാമ്പത്തിക വർഷത്തിൽ ആവശ്യമായ ഫർണീച്ചർ/ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് താല്പര്യമുള്ള വ്യക്തികൾ /സ്ഥാപനങ്ങളിൽ നിന്നും ടെുകൾ ക്ഷണിച്ചു. 2,000,00 രൂപയാണ് അടങ്കൽ തുക. ടെർ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 15 ( ഉച്ചയ്ക്ക് 02.30 വരെ). ടെർ സംബന്ധിച്ച വിശദവിവരങ്ങൾ എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 10നും വൈകിട്ട് 5 നും ഇടയിൽ അങ്കമാലി മിനി സിവിൽസ്റ്റേഷനിൽ പ്രവർത്തിക്കുന്ന ശിശുവികസന പദ്ധതി ഒഫീസിൽ നിന്നും ലഭിക്കുന്നതാണ്. കൂടുതൽ വിവിരങ്ങൾക്ക് ബന്ധപ്പെടുക 0484 2459255, 9288194914.

# അമൃത ആശുപത്രിയിൽ പ്രിവന്റീവ് ഓങ്കോളജി ക്ലിനിക്

**കൊച്ചി:** പ്രാരംഭ ദശയിൽ തന്നെ അർബുദ നിർണയം നടത്തി രോഗത്തെ തടയുക എന്ന ലക്ഷ്യത്തോടെ കൊച്ചി അമൃത ആശുപത്രിയിൽ പ്രിവന്റീവ് ഓങ്കോളജി ക്ലിനിക് പ്രവർത്തനം ആരംഭിക്കുന്നു. ലോക അർബുദ ദിനത്തോടനുബന്ധിച്ച് ഫെബ്രുവരി നാലിന് അമൃത ആശുപത്രിയിൽ നടക്കുന്ന ചടങ്ങിൽ പ്രിവന്റീവ് ഓങ്കോളജി ക്ലിനിക്കിന്റെ ഉദ്ഘാടനം സിനിമാ താരം ഊർമ്മിള ഉണ്ണി നിർവ്വഹിക്കും.കാൻസർ രോഗബാധിതരായവരെ തിരികെ സാധാരണ ജീവിത ക്രമത്തിലേയ്ക്ക് എത്തിക്കുന്നതിനായി സംസ്ഥാനത്ത് ആദ്യമായി തുടങ്ങുന്ന ഓങ്കോ റിഹാബലിറ്റേഷൻ വിഭാഗത്തിന്റെ പ്രവർത്തനവും ലോക കാൻസർ ദിനത്തിൽ ആരംഭിക്കും.ഇതോടനുബന്ധിച്ച് ഡിജിറ്റൽ കാൻസർ റജിസ്ട്രിയുടെ ഉദ്ഘാടനം കളങ്ങര ഡയറക്ടർ ഡോ. പ്രശാന്ത് മധുറും , അമൃതം ആർട്ട് ഗ്യാലറിയുടെ ഉദ്ഘാടനം എഴുത്തികാരിയും നടിയുമായ ഷേർളി സോമസുന്ദരവും നിർവഹിക്കും.

# ഇന്ത്യൻ വിദ്യാർഥികൾക്ക് നേട്ടം



**കൊച്ചി:**ഇന്ത്യയിലെ ഔട്ട് സ്റ്റാൻഡിങ് കേംബ്രിഡ്ജ് ലേണർ അവാർഡ് വിജയികളെ പ്രഖ്യാപിച്ചു. കേംബ്രിഡ്ജ് ഐജിസിഎസ്ഇ, ഇന്റർനാഷണൽ എഎസ് ആൻഡ് എ ലെവൽ പരീക്ഷക ളിൽ വൈവിധ്യമാർന്ന വിഷയങ്ങളിലെ മികച്ച പ്രകടനത്തിന് ഇ ന്ത്യയിൽ ആകെ 228 വിദ്യാർഥികൾക്ക് അവാർഡ് ലഭിച്ചു. ഒരു വി ഷയത്തിൽ ലോകത്തെ ഏറ്റവും ഉയർന്ന മാർക്ക് നേടിയതിന് ടോപ് ഇൻ ദ വേൾഡ് അവാർഡ് നേടിയ 82 വിദ്യാർഥികളും ഒരു വിഷയത്തിൽ ഇന്ത്യയിൽ ഏറ്റവും ഉയർന്ന മാർക്ക് നേടിയ 110 വിദ്യാർഥികളും മുംബൈയിൽ നടന്ന ചടങ്ങിൽ അനുമോദനം ഏറ്റുവാങ്ങി. ഇന്ത്യയിൽ ടോപ് ഇൻ ദ വേൾഡ് അവാർഡ് വിഭാഗത്തിൽ മികവ് പുലർത്തിയ വിദ്യാർഥികളിൽ 88% പേരും ഗണി തത്തിലും ഇംഗ്ലീഷിലും നിന്നുള്ളവരാണ്. ഇവരിൽ 80% പേരും ഗണിതശാസ്ത്രത്തിൽ നിന്നാണ്

# വാർദ്ധക്യകാലത്തെ അർബുദം: കൊച്ചിൻ ഓങ്കോളജി ഗ്രൂപ്പിന്റെ മെഡിക്കൽ വിദ്യാഭ്യാസ പരിപാടി ഫെബ്രുവരി 8ന്

**കൊച്ചി:** അറുപത് വയസ് പിന്നിട്ടവരിൽ വർധിച്ചു വരുന്ന അർബുദ നിരക്കായിരിക്കും ഇക്കൊല്ലത്തെ വാർഷിക സമ്മേളനത്തിന്റെ പ്രമേയമെന്ന് കൊച്ചിൻ ഓങ്കോളജി ഗ്രൂപ്പ് അറിയിച്ചു. വാർഷിക സമ്മേളനത്തോട് അനുബന്ധിച്ച് ഡോക്ടർമാർക്ക് വേി സംഘടിപ്പിക്കുന്ന മെഡിക്കൽ തുടർ വിദ്യാഭ്യാസ പരിപാടിയിലും (സി.എം.ഇ) പ്രായമായവർക്കുള്ള കാൻസർ ചികിസയിലെ നൂതനമാർഗങ്ങൾ ചർച്ചയാകും. ഫെബ്രുവരി എട്ടിന് കൊച്ചിയിലെ ഐ.എംഎ ഹൗസിലാണ് സമ്മേളനം. ഏഷ്യൻ ജീറിയാട്രിക് ഓങ്കോളജി സൊസൈറ്റിയുടെ അക്കാദമിക് സഹകരണത്തോടെയാണ് പരിപാടി നടത്തുന്നത്. മുതിർന്ന പൗരന്മാരിലെ അർബുദരോഗബാധയെ കുറിച്ചും ചികിത്സയെ കുറിച്ചും ആധികാരികമായ വിവരങ്ങൾ പങ്കുവെയ്ക്കുന്നതിനായി നിരവധി പ്രമുഖ ഡോക്ടർമാർ പരിപാടിയിൽ പങ്കെടുക്കും. ഈ രംഗത്തെ പ്രധാന വെല്ലുവിളികളും അവയെ മറികടക്കാനുള്ള പോംവഴികളും ചർച്ചയാകും. ഇങ്ങനെ വിവിധ തലങ്ങളിലുള്ള കാൻസർ ചികിത്സയെ കുറിച്ചുള്ള വ്യത്യസ്ത വശങ്ങളിലേക്ക് പരിപാടി വെളിച്ചം വീശുമെന്ന് കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിലെ മെഡിക്കൽ ഓങ്കോളജി വിഭാഗം സീനിയർ കൺസൽട്ടന്റും കൊച്ചിൻ ഓങ്കോളജി ഗ്രൂപ്പിന്റെ സെക്രട്ടറിയും പരിപാടിയുടെ സംഘാടകനുമായ ഡോ. അരുൺ വാരിയർ പറഞ്ഞു ആശുപത്രികളിൽ ഇത്തരം രോഗികൾക്കായുള്ള പ്രത്യേക മൾട്ടി ഡിസിപ്ലിനറി സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള പ്രായോഗിക വശങ്ങൾ സമ്മേളനത്തിൽ ചർച്ചയാകുമെന്നും അദ്ദേഹം പറഞ്ഞു.

# 100 ദിനങ്ങൾ; 7,000 അതിഥികൾ; വിജയവഴിയിൽ 0484 ലോഞ്ച്



**കൊച്ചി:** കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ പ്രവർത്തനമാരംഭിച്ച 0484 ലോഞ്ച് വിജയകരമായ 100 ദിനങ്ങൾ പിന്നിടുകയാണ്. ഇതിനകം 7,000ത്തിലധികം അതിഥികളാണ് ലോഞ്ച് സേവനം ഉപയോഗപ്പെടുത്തിയത്. 4,000ത്തോളം ബുക്കിംഗുകളും നടന്നു. യാത്രക്കാർക്കും സന്ദർശകർക്കും പ്രവേശനം ലഭ്യമാണ്. സിയാലിന്റെ ഉപകമ്പനിയായ സി.ഐ.എ.എസ്.എല്ലിനാണ് നിലവിൽ 0484 ലോഞ്ചിന്റെ നടത്തിപ്പുചുമതല.8, 12, 24 എന്നിങ്ങനെ മണിക്കൂർ നിരക്കിൽ ബുക്കിങ് സംവിധാനമുള്ളതിനാൽ, താമസസൗകര്യം ഉപയോഗപ്പെടുത്തുന്നവരെ കൂടാതെ യാത്രയ്ക്ക് മുമ്പും ശേഷവും വിശ്രമിക്കാനും ആളുകൾ ലോഞ്ച് ഉപയോഗിക്കുന്നു. എൻ.ആർ.ഐ.കൾക്കും ദീർഘദൂര യാത്രക്കാർക്കും ലോഞ്ച് സുരക്ഷിതവും സൗകര്യപ്രദവുമായ താവളമായി മാറുകയാണ്. കോൺഫറൻസ് ഹാൾ, ബോർഡ് റൂം തുടങ്ങിയ പ്രീമിയം സൗകര്യങ്ങൾ മീറ്റിംഗുകൾക്കായും മറ്റും കോർപറേറ്റ് സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നു. മീറ്റിംഗിൽ പങ്കെടുക്കുന്നവർക്ക് നഗരത്തിലേക്കുള്ള യാത്ര ഒഴിവാക്കാനാകുമെന്നതാണ് പ്രധാന ആകർഷണം. പ്രീവെഡ്ഡിംഗ് ഷൂട്ടുകൾ, പത്രസമ്മേളനങ്ങൾ, ബിസിനസ് സമ്മേളനങ്ങൾ എന്നിവയ്ക്കായും ലോഞ്ച് സേവനം പ്രയോജനപ്പെടുത്തുന്നു.

ലോഞ്ചിനകത്തായി കഫേയും റീട്ടെയിൽ ഷോപ്പുകളും പ്രവർത്തിക്കുന്നു്. ടെർമിനലിന് തൊട്ടടുത്തതായതു കൊണ്ട് തന്നെ രാത്രി യാത്രക്കാർക്കും മറ്റും ഏറ്റവും സൗകര്യപ്രദവും സുരക്ഷിതവുമായ വിശ്രമകേന്ദ്രമായി ലോഞ്ച് മാറുന്നു. സിയാലിന്റെ വ്യോമേതര വരുമാനം വർധിപ്പിക്കുന്ന പദ്ധതിയുടെ ഭാഗമായി 2024 സെപ്തംബറിലാണ് ലോഞ്ച് ഉദ്ഘാടനം ചെയ്തത്. ഒക്ടോബറിലാണ് പ്രവർത്തനമാരംഭിച്ചത്.

# മുതിർന്ന പൗരൻമാർക്കായി റെയിൽവേയുടെ വേനൽക്കാല സ്പെഷ്യൽ ട്രെയിൻ

**കൊച്ചി:** ഇന്ത്യൻ റെയിൽവേയുടെ ഉടമസ്ഥതയിലുള്ള സൗത്ത് സ്റ്റാർ റെയിൽ ഇന്ത്യയുടെ ആദ്യ ഭാരത് ഗൗരവ് ട്രെയിൻ യാത്ര ഏപ്രിൽ രണ്ടിന് ആരംഭിക്കും. കശ്മീർ, ആഗ്ര, ഡൽഹി, അമൃത്സർ എന്നിവിടങ്ങളിലേക്കുള്ള 15 ദിവസം നീളുന്ന പര്യടനത്തിൽ താമസം, ഭക്ഷണം വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള സന്ദർശനം എന്നിവ ഉൾപ്പെടുന്നു. യാത്രയ്ക്ക് റെയിൽവേ മന്ത്രാലയം 33 ശതമാനം സബ്സിഡി നൽകുന്നുണ്ട്. മുതിർന്ന പൗരൻമാർക്ക് മാത്രമായുള്ള പ്രത്യേക പര്യടനമാണിത്. പ്രത്യേക ടൂറിസ്റ്റ് ട്രെയിനിൽ എസി, സ്ലീപ്പർ കോച്ചുകൾ കൂടാതെ ലക്ഷ്യസ്ഥാനങ്ങളെയും റൂട്ടുകളെയും കുറിച്ചുള്ള വിവരങ്ങൾക്കായുള്ള സംവിധാനം, സിസിടിവി ക്യാമറകൾ, ഓരോ കോച്ചിനും പ്രത്യേക ടൂർ മാനേജർമാർ, കാവൽക്കാർ, ഹൗസ് കീപ്പിംഗ്, സുരക്ഷാ ഉദ്യോഗസ്ഥർ തുടങ്ങിയവരുൾപ്പെടെ വിവിധ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.യാത്രയിലുടനീളം ദക്ഷിണേന്ത്യൻ വിഭവങ്ങൾ ലഭിക്കും. തേർഡ് എസിക്ക് 49,900 രൂപ, സെക്കൻഡ് എസിക്ക് 60,100 രൂപ, ഫസ്റ്റ് എസിക്ക് 65,500 രൂപ എന്നിങ്ങനെയാണ് നിരക്കുകൾ. ംംം.്യമശിീൗ്യ.ശി വഴി മാത്രമേ ബുക്കിംഗ് നടത്താൻ കഴിയൂ. വിശദാംശങ്ങൾക്കും ബുക്കിംഗിനും 7305 85 85 85 എന്ന നമ്പറിൽ വിളിക്കാം. ബുക്കിംഗ് ആരംഭിച്ചു.



# എടക്കുന്ന് ശിശുഭവന് വാഹനം നൽകി ഫെഡറൽ ബാങ്ക

**കൊച്ചി:** സി എസ് ആർ പദ്ധതിയുടെ ഭാഗമായി അങ്കമാലി ശാഖ എടക്കുന്ന് ശിശുഭവന് ഫെഡറൽ ബാങ്ക് മാരുതി ഈക്കോ വാഹനം സംഭാവന ചെയ്തു. സെന്റ് ജോസഫ് പ്രൊവിൻസ് ഓഫ് ദി കോൺഗ്രഗേഷൻ ഓഫ് സിസ്റ്റേഴ്സ് ഓഫ് നസറെത്തിന്റെ (സി എസ് എൻ ) സഹോദര സ്ഥാപനമാണ് ശിശുഭവൻ.ഫെഡറൽ ബാങ്ക് ആലുവ റീജിയണൽ മേധാവിയായ ബിനു തോമസ് വാഹനത്തിന്റെ താക്കോൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ആയ സിസ്റ്റർ ആഷ്ലിയ്ക്കു കൈമാറി. ഫെഡറൽ ബാങ്ക് അങ്കമാലി ശാഖാ മാനേജർ അരുൺ ബി, ഓപ്പറേഷൻസ് ഹെഡ് അഭിരാജ് എ എ, സെയിൽസ് ഹെഡ് വിബിൻ വർഗീസ് തുടങ്ങിയവർ സന്നിഹിതരായിരുന്നു.



# ആഗോള സെൻസർ വിപണിയിൽ ശ്രദ്ധകേന്ദ്രീകരിക്കണം

**കൊച്ചി:** ഉപകരണഭാഗങ്ങൾ രാജ്യത്ത് തന്നെ നിർമ്മിക്കുകയും അതുവഴി ആഗോളതലത്തിലുള്ള സെൻസർ ഉപകരണങ്ങളുടെ വിപണിയിൽ ശ്രദ്ധകേന്ദ്രീകരിക്കുകയുമാണ് വേണ്ടതെന്ന് ഇൻഫോപാർക്കിൽ നടക്കുന്ന സെൻസേഴ്സ് ആൻഡ് ആക്ചുവേറ്റേഴ്സ് അന്താരാഷ്ട്ര സമ്മേളനത്തിൽ വിദഗ്ധർ അഭിപ്രായപ്പെട്ടു. സെൻസർ ഗവേഷണത്തിന് ധനസഹായം തടസ്സമാകില്ലെന്ന് പരിപാടിയിൽ പങ്കെടുത്ത കേന്ദ്ര ഇലക്ട്രോണിക്സ്ഐടി മന്ത്രാലയ പ്രതിനിധികൾ വ്യക്തമാക്കി.മൈക്രോ ഇലക്ട്രോ മെക്കാനിക്കൽ സിസ്റ്റംസ്(എംഇഎംഎസ്), സെൻസർ മേഖലയിൽ ഇന്ത്യക്ക് അനന്തമായ സാധ്യതയാണുള്ളതെന്നും സമ്മേളനത്തിൻറെ ആദ്യദിനത്തിൽ നടന്ന ചർച്ചയിൽ അഭിപ്രായമുയർന്നു. ഈ സാധ്യത പ്രയോജനപ്പെടുത്താൻ ഇലക്ട്രോണിക്സ് ഉപകരണഭാഗങ്ങളുടെ വലിയ നിർമ്മാണ കേന്ദ്രങ്ങൾ രാജ്യത്ത് ആരംഭിക്കേണ്ടതുണ്ടെന്നും അവർ അഭിപ്രായപ്പെട്ടു.തൃശൂരിലെ സെൻറർ ഫോർ മെറ്റീരിയൽസ് ഫോർ ഇലക്ട്രോണിക്സ് ടെക്നോളജി(സിമെറ്റ്), കാലിക്കറ്റ് സർവകലാശാലയിലെ രസതന്ത്ര വിഭാഗം, ഇലക്ട്രോണിക് ഇൻഡസ്ട്രീസ് അസോസിയേഷൻ ഓഫ് ഇന്ത്യ(എൽസിന), ഇൻറലിജൻറ് ഐഒടി സെൻസറിൻറെ മികവിൻറെ കേന്ദ്രം, ഇന്ത്യ ഇനോവേഷൻ സെൻറർ ഫോർ ഗ്രഫീൻ എന്നിവ സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്.

മൂല്യവർധിത ശൃംഖല, ഉപകരണഭാഗ നിർമ്മാണം എന്നിവയിൽ ശ്രദ്ധകേന്ദ്രീകരിക്കണമെന്ന് പരിപാടിയിൽ മുഖ്യാതിഥിയായിരുന്ന കേന്ദ്ര ഇലക്ട്രോണിക്സ്ഐടി സെക്രട്ടറി എസ് കൃഷ്ണൻ പറഞ്ഞു. വ്യവസായങ്ങളും അക്കാദമിക സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ഏറെ പ്രധാനമാണ്. സാങ്കേതികവിദ്യ തയ്യാറായിരിക്കുന്ന പ്രൊജക്ടുകൾക്ക് മന്ത്രാലയം ധനസഹായം നൽകുന്നുണ്ട്. രാജ്യത്തെ സെമികണ്ടക്ടർ മേഖലയ്ക്ക് അമ്പതു ശതമാനം സർക്കാർ ധനസഹായമുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.സെൻസറുകളുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾക്ക് ധനസഹായം തടസ്സനാകില്ലെന്ന് കേന്ദ്ര ഇലക്ട്രോണിക്സ്ഐടി മന്ത്രാലയ ഗ്രൂപ്പ് കൊഓർഡിനേറ്റർ സുനിത വർമ്മ പറഞ്ഞു. കഴിഞ്ഞ അഞ്ച് വർഷങ്ങൾക്കിടയിൽ ഇലക്ട്രോണിക്സ് ഉപകരണഭാഗങ്ങളുടെ നിർമ്മാണത്തിൽ രാജ്യം ഏറെ ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് സെൻസറുകൾ, സെമികണ്ടക്ടറുകൾ എന്നിവയുടെ നിർമ്മാണത്തിലാണ്. ഇത്തരം മേഖലകളിലെ ഗവേഷണത്തിന് ധനസഹായം കേന്ദ്രസർക്കാർ ഉറപ്പുവരുത്തുമെന്ന് അവർ പറഞ്ഞു.ഇൻഫോപാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ, സ്വീഡനിലെ ലിങ്കോപിങ് സർവകലാശാലയിലെ പ്രൊഫ. എഡ്വിൻ ജാഗർ, കാർട്ടാജെന സർവകലാശാലയിലെ പ്രൊഫ. തോർബിയോ ഫെർണാണ്ടസ്, എൻഐടി റൂർക്കലയിലെ പ്രൊഫ. സൗഗധ കുമാർ കാർ, കാലിക്കറ്റ് സർവകലാശാലയിലെ പ്രൊഫ. എൻ കെ രേണുക, ഇലക്ട്രോണിക് ഇൻഡസ്ട്രീസ് അസോസിയേഷൻ ഓഫ് ഇന്ത്യ(എൽസിന) പ്രസിഡൻറ് എൻ രാംചന്ദ്രൻ, സിമെറ്റ് ശാസ്ത്രജ്ഞ ഡോ. എ സീമ, കാലിക്കറ്റ് സർവകലാശാല പ്രൊഫ. യാഹ്യ എ ഐ, ടെലികോം ഡയറക്ടർ നന്ദിനി ബാലസുബ്രഹ്മണ്യം, ഐഎംഇസി ഇന്ത്യ പ്രതിനിധികളായ ജതിന്ദർ സിംഗ്, രവി ഭട്കൽ തുടങ്ങിയവരും സമ്മേളനത്തെ അഭിസംബോധന ചെയ്തു.സിമെറ്റ് തൃശൂർ സെൻറർ ഹെഡ് ഡോ. എസ് രാജേഷ് കുമാർ,  ഐഐഐടിഎംകെ ഡയറക്ടർ പ്രൊഫ. അലക്സ് ജെയിംസ്, ഐഒടി മികവിൻറെ കേന്ദ്രം സിഇഒ റിജിൻ ജോൺ, എൽസിന ഡെപ്യൂട്ടി ഡയറക്ടർ സന്ദീപ് സക്സേന, പാലക്കാട് ഐഐടിയിലെ പ്രൊഫസർമാരായ സുശാഭൻ സാധുകൻ, മിൻറു പരോൾ, കർണാടക കേന്ദ്ര സർവകലാശാലയിലെ ഡോ. രാജീവ് ജോഷി,  അലിഗഢ് സർവകലാശാലയിലെ ഡോ. ഇമാനുദ്ദീൻ, ലിംകോപിംഗ് സർവകലാശാലയിലെ ഡോ. ജോസ് ഗബ്രിയേൽ മാർട്ടിനെസ്, ഐഐഐടിഎംകെയിലെ ഡോ. ജോസ് ജോസഫ്, ടാറ്റാ സ്റ്റീലിൻറെ ഡോ. ശ്യാം ചൗധരി, എസ്എഫ്ഒ ടെക്നോളജീസ് ഡയറക്ടർ രാമസ്വാമി നാരായണൻ, സിമെറ്റ് തൃശൂരിലെ ഡോ. ഭാഗ്യശ്രീ ബി, തിരുവനന്തപുരത്തെ ഐഐഎസ്ഇആറിലെ ഡോ. വിനായക് വി കാംബ്ലെ, പി എക്യുഎസ് എംഡി വൈദ്യനാഥൻ, ഒഇഎൻ എംഡി പമേല അന്ന മാത്യൂ, കാലിക്കറ്റ് സർകലാശാലയിലെ പ്രൊഫ. ഷഹീൻ ടി തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ സംസാരിച്ചു.

# ലോക തണ്ണീർത്തട സംരക്ഷണദിനം: കണ്ടൽ വൃക്ഷത്തൈകൾ നട്ടു



കൊച്ചി: ലോക തണ്ണീർത്തട സംരക്ഷണദിനത്തോട് അനുബന്ധിച്ച് അപ്പോളോ ടയർസ് ജീവനക്കാരും മാലിയൻകര എസ് എൻ എം കോളേജിലെ എൻ എസ് എസ് വോളിന്റിയേഴ്സും ചേർന്ന് മാലിപ്പുറം കൽപാർക്ക് പരിസരത്ത് കൽ വൃക്ഷതൈകൾ നട്ടു. ഒപ്പം, കൊച്ചിൻ കോളേജിലെ 200 വിദ്യാർത്ഥികൾക്കായി അവബോധവർധന ശില്പശാലയും തണ്ണീർത്തട സംരക്ഷണദിനത്തോട് അനുബന്ധിച്ച് സംഘടിപ്പിച്ചു. 1971ൽ സ്ഥാപിതമായ റാംസർ കൺവെൻഷൻ സ്മരണാർത്ഥം ആചരിക്കുന്ന ലോക തണ്ണീർത്തട സംരക്ഷണദിനത്തിലൂടെ, ജൈവവൈവിധ്യ സംരക്ഷണത്തിന് കൽ കാടുകൾക്ക് പരിസ്ഥിതിയിലുള്ള അനിവാര്യമായ പങ്കിനെക്കുറിച്ച് സമൂഹത്തിൽ അവബോധം വളർത്തുകയായിരുന്നു ലക്ഷ്യം.പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചുള്ള ശില്പശാലകളും വൃക്ഷത്തൈ നട്ടുപിടിപ്പിക്കൽ പദ്ധതികളും വളരെ പ്രധാന്യമുള്ളവയാണെന്ന് പ്രീമിയർ ടയേഴ്സ് ലിമിറ്റഡിന്റെ ഇൻഡിപെൻഡന്റ് ഡയറക്ടർ സോണാലി സെൻ ചൂിക്കാട്ടി. വൃക്ഷത്തൈ നട്ട് അവബോധവർധന ശില്പശാലയിൽ അപ്പോളോ ടയേഴ്സിന്റെ കേരള യൂണിറ്റ് ഹെഡ് ജോർജ്ജ് ഉമ്മൻ, സസ്റ്റൈനബിലിറ്റി ആന്റ് സിഎസ്ആർ തലവൻ രിനികാ ഗ്രോവർ, മത്സ്യഫെഡിന്റെ ബോർഡ് അംഗങ്ങൾ എന്നിവരുൾപ്പെടെ നിരവധി പ്രമുഖരും പങ്കെടുത്തു.

# ഐ സി എ ആർ സിഫ്ട് ബോധവൽക്കരണ ശിൽപശാല നടത്തി



**കൊച്ചി:** കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ സി എ ആർ സിഫ്ട് സമുദ്രവിഭവ സംസ്കരണം, പാക്കേജിംഗ്,  മൽസ്യ മാലിന്യ സംസ്കരണം, മൽസ്യസംസ്കരണത്തിന് ഉപയോഗിക്കുന്ന മെഷിനറികൾ എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണ ശിൽപശാല ഇന്ന്   സിഫ്റ്റിൽ സംഘടിപ്പിച്ചു.  കേരള സർക്കാരിന്റെ കീഴിലുള്ള സംസ്ഥാന ദാരിദ്ര്യ നിർമാർജന മിഷനായ കുടുംബശ്രീയിലെ   കോർഡിനേറ്റർമാർക്കാണ് ശിൽപശാല സംഘടിപ്പിച്ചത്.സമുദ്രവിഭവ സംസ്കരണ സാങ്കേതിക വിദ്യകൾ, മൂല്യവർദ്ധന രീതികൾ, നൂതന പാക്കേജിംഗ് വിദ്യകൾ, സുസ്ഥിരമായ മൽസ്യ മാലിന്യ വിനിയോഗം എന്നീ  വിഷയങ്ങളിൽ  ശിൽപശാലയിൽ പങ്കെടുക്കുന്നവർക്ക് സമഗ്രമായ അറിവ് നൽകുക  എന്നതാണ്  ബോധവൽക്കരണ  പരിപാടിയുടെ ലക്ഷ്യം. സിഫ്ട്  ഡയറക്ടർ  ഡോ. ജോർജ്ജ് നൈനാൻ ശിൽപശാല ഉദ്ഘാടനം ചെയ്തു. മത്സ്യബന്ധന മേഖലയിൽ സുസ്ഥിരമായ സമുദ്രോത്പന്ന സംസ്കരണത്തിന്റെയും പാക്കേജിംഗിന്റെയും പ്രാധാന്യത്തെ കുറിച്ച്  സിഫ്ട് ഡയറക്ടർ  ഡോ. ജോർജ്ജ് നൈനാൻ സംസാരിച്ചു.മൽസ്യ സംസ്കരണവും മൂല്യവർദ്ധിത ഉത്പന്നങ്ങളും, സമുദ്രവിഭവ സംസ്കരണവും പാക്കേജിംഗും, മത്സ്യ സംസ്കരണത്തിനുള്ള യന്ത്രങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ  സിഫ്റ്റിലെ ശാസ്ത്രജ്ഞരായ  ഡോ. യു. പാർവതി,  ഡോ. രമ്യ എസ്,  ഡോ. ബിൻസി പി.കെ,   ഡോ. മുരളി എസ്., എസ്. ശ്രീജിത്ത്, എന്നിവർ സെഷനുകൾ എടുത്തു.കുടുംബശ്രീ മിഷനിൽ നിന്ന് സംസ്ഥാന പ്രോഗ്രാം മാനേജർമാർ, സംസ്ഥാന അസിസ്റ്റന്റ് പ്രോഗ്രാം മാനേജർമാർ, ജില്ലാ പ്രോഗ്രാം മാനേജർമാർ എന്നിവരുൾപ്പെടെ 45 പേർ ശിൽപശാലയിൽ പങ്കെടുത്തു.  ഡോ. ബിന്ദു ജെ, ഐസിഎആർസിഫ്റ്റിലെ ഫിഷ് പ്രോസസിംഗ് വിഭാഗം മേധാവി,  ഡോ. റാണ രാജ് വി.ആർ,  കുടുംബശ്രീയിലെ പ്രോഗ്രാം ഓഫീസർ (മൃഗസംരക്ഷണം)  എന്നിവർ ഉദ്ഘാടന  ചടങ്ങിൽ സംസാരിച്ചു.

# നിസാൻ മാഗ്നൈറ്റ് ലെഫ്റ്റ്ഹാൻഡ്: കയറ്റുമതി ആരംഭിച്ച് നിസാൻ




കൊച്ചി: പ്രീമിയം ഫീച്ചറുകളോടെ 2024 ഒക്ടോബറിൽ പുറത്തിറക്കിയ ബിഎസ്‌യുവി നിസാൻ മാഗ്നൈറ്റ്, ആഗോള ലെഫ്റ്റ്ഹാൻഡ് ഡ്രൈവ് (എൽഎച്ച്ഡി) വിപണികളിലേക്ക് കൂടി കയറ്റുമതി ആരംഭിച്ച് നിസാൻ മോട്ടോർ ഇന്ത്യ. തിരഞ്ഞെടുത്ത വിപണികളിലേക്ക് പുതിയ നിസാൻ മാഗ്നൈറ്റ് എൽഎച്ച്ഡി വേരിയന്റിന്റെ 2,900 യൂണിറ്റ് ആദ്യ കയറ്റുമതിയായി നിസാൻ ഫ്ലാഗ് ഓഫ് ചെയ്തു. മിഡിൽ ഈസ്റ്റ്, നോർത്ത് ആഫ്രിക്ക, ലാറ്റിൻ അമേരിക്ക തുടങ്ങിയ മേഖലകളിലേക്ക് 7,100 യൂണിറ്റ് കൂടി കയറ്റുമതി ചെയ്ത് ഫെബ്രുവരി അവസാനത്തോടെ മാഗ്നൈറ്റിന്റെ എൽഎച്ച്ഡി പതിപ്പിന്റെ 10,000 യൂണിറ്റ് കയറ്റുമതി കമ്പനി പൂർത്തിയാക്കും.'വൺ കാർ വൺ വേൾഡ്' എന്നതിന്റെ ഭാഗമായി നിസാന്റെ ആഗോള വിപണി വികസിപ്പിക്കുന്നതിനും ഇന്ത്യയെ കയറ്റുമതിയുടെ ആഗോള കേന്ദ്രമാക്കി മാറ്റുന്നതിനുമുള്ള ചുവടിന്റെ ഭാഗമാണിത്. ഇന്ത്യയിലും ആഗോള വിപണിയിലും നിസാന്റെ വിജയത്തിന്റെ ആണിക്കല്ലായ ഇന്ത്യൻ നിർമ്മിത നിസാൻ മാഗ്നൈറ്റ് തങ്ങളുടെ കയറ്റുമതി വളർച്ചയെകൂടി കൂടുതൽ മുന്നോട്ട് നയിക്കുമെന്ന് റീജിയനൽ ബിസിനസ് ട്രാൻസ്ഫോർമേഷന്റെ ഡിവിഷണൽ വൈസ് പ്രസിഡന്റും നിസാൻ ഇന്ത്യ ഓപ്പറേഷൻസ് പ്രസിഡന്റുമായ ഫ്രാങ്ക് ടോറസ് പറഞ്ഞു.

# കടലാഴങ്ങളിലെ വിസ്മയ കാഴ്ചകൾ സമ്മാനിച്ച് സിഎംഎഫ്ആർഐ പ്രദർശനം

**കൊച്ചി:** കടലാഴങ്ങളിലെ വിസ്മയ കാഴ്ചകൾ സമ്മാനിച്ച് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) ഓപ്പൺ ഹൗസ് പ്രദർശനം. 78ാമത് സ്ഥാപകദിനാഘോഷങ്ങളുടെ സമാപനത്തോടനുബന്ധിച്ച് നടത്തിയ പ്രദർശനം കാണാൻ ആയിരങ്ങളാണ് എത്തിയത്. കോഴിക്കോട് തീരക്കടലിൽ ചത്ത് കരക്കടിഞ്ഞ ഒരു ഭീമൻ തിമിംഗലത്തിന്റെ അസ്ഥികൂടം പ്രദർശനത്തിൽ പ്രത്യേക ശ്രദ്ധ നേടി. തിമിംഗലങ്ങൾ കരക്കടിയുന്നത് കൂടിവരുന്ന സാഹചര്യത്തിൽ ഇത് സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽകരിക്കുന്നതിനുള്ള വേദിയായി പ്രദർശനം മാറി. സമുദ്ര സസ്തനികളുടെയും വംശനാശഭീഷണി നേരിടുന്ന മറ്റ് ജീവജാലങ്ങളുടെയും സംരക്ഷണത്തിന്റെ പ്രാധാന്യം ഗവേഷകർ വിശദീകരിച്ചു.മുവായിരത്തോളം കടൽജീവജാലങ്ങളുടെ മാതൃകകളുടെ ശേഖരമായ സിഎംഎഫ്ആർഐയിലെ മ്യൂസിയം, വിവിധ പരീക്ഷണശാലകൾ, മറൈൻ അക്വേറിയം, ലൈബ്രറി, ഹാച്ചറികൾ, പട്ടാളപുഴു ഉപയോഗിച്ചുള്ള മാലിന്യ സംസ്കരണ യൂണിറ്റ്,കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രം എന്നിവ കാണാനെത്തിയവരിൽ ഭൂരിപക്ഷവും വിദ്യാർത്ഥികളായിരുന്നു.കടലിനടിയിലെ ഭാഗങ്ങൾ ഒരു കലാസൃഷ്ടിയിലൂടെ ചിത്രീകരിക്കുന്ന ഇൻസ്റ്റലേഷൻ സമുദ്രമാലിന്യത്തിന്റെ ഭീകരത തുറന്നുകാട്ടി. പ്ലാസ്റ്റിക് മാലിന്യങ്ങൾ കടലിൽ അടി!ഞ്ഞുകൂടുന്നത് വഴി ജീവജാലങ്ങൾക്കും ആവാസവ്യസ്ഥക്കുമുണ്ടാക്കുന്ന ഭീഷണി വരച്ചുകാട്ടുന്നതായിരുന്നു ഈ പ്രദർശനം.സംരക്ഷണ ബോധവൽകരണം ലക്ഷ്യമിട്ട്, വംശനാശ ഭീഷണി നേരിടുന്നതും സംരക്ഷിത പട്ടികയിലുള്ളതുമായ തിമിംഗല സ്രാവ്, ചക്രവർത്തി മത്സ്യം, കടൽ കുതിര തുടങ്ങി 19 കടൽജീവിവർഗങ്ങളുടെ ചിത്രം പതിച്ച സ്റ്റിക്കറുകൾ വിദ്യാർത്ഥികൾക്കിടയിൽ വിതരണം ചെയ്തു.വിവിധയിനം സ്രാവുകൾ, തിരണ്ടി, വാൾ മത്സ്യം, കല്ലൻ വറ്റ തുടങ്ങിയ മത്സ്യയിനങ്ങളും വിവിധയിനം ചെമ്മീൻ, ഞണ്ട്, കണവ, കൂന്തൽ, നീരാളി, കക്കവർഗയിനങ്ങൾ, വിലകൂടിയ മുത്തുകൾ, ശംഖുകൾ തുടങ്ങിയവ വിവിധ ലാബുകളിൽ പ്രദർശിപ്പിച്ചു. സമുദ്രസസ്തനികളുടെ സർവേക്ക് ഉപയോഗിക്കന്ന ദൂരദർശിനികൾ, സമുദ്രത്തിനടിയിൽ ഗവേഷണങ്ങൾക്കുപയോഗിക്കുന്ന ഉപകരണങ്ങൾ, കടൽപ്പായൽ കൃഷി രീതി തടുങ്ങിയവയും കാണികളുടെ ശ്രദ്ധ പിടിച്ചുപറ്റി.കൂടു മത്സ്യകൃഷി, സംയോജിത മൾട്ടിട്രോഫിക് അക്വാകൾച്ചർ സിസ്റ്റം, റീസർക്കുലേറ്റിംഗ് അക്വാകൾച്ചർ സിസ്റ്റം, ബയോഫ്ലോക്ക് എന്നിവയുടെ മാതൃകകളും  പ്രദർശിപ്പിച്ചു. പരിപാടിയുടെ ഭാഗമായി ശാസ്ത്രജ്ഞവിദ്യാർത്ഥി സംഗമവും നടത്തി.  മോളിക്യുലാർ ബയോളജി, ബയോപ്രോസ്പെക്റ്റിംഗ്, സെൽ കൾച്ചർ, ഫിഷറി ബയോളജി, പരിസ്ഥിതി ഗവേഷണം, കാലാവസ്ഥാ വ്യതിയാനം, സമുദ്ര അമ്ലീകരണം തുടങ്ങിയ ലബോറട്ടറികളും പരിപാടിയിൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു.



# റേഷൻ വിതരണം നീട്ടി

**തിരുവനന്തപുരം:** സംസ്ഥാനത്തെ ജനുവരി മാസത്തെ റേഷൻ വിതരണം ഫെബ്രുവരി 5 വരെ നീട്ടിയതായി ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി ആർ അനിൽ അറിയിച്ചു. ഫെബ്രുവരി 6ാം തീയതി മാസാന്ത്യ കണക്കെടുപ്പുമായി ബന്ധപ്പെട്ട് റേഷൻ വ്യാപാരികൾക്ക് അവധി ആയിരിക്കുന്നതും 7 മുതൽ ഫെബ്രുവരി മാസത്തെ റേഷൻ വിതരണം ആരംഭിക്കുമെന്നും മന്ത്രി അറിയിച്ചു. മുൻഗണനാ വിഭാഗത്തിൽപ്പെട്ട എ.എ.വൈ കാർഡുകാരിൽ 95.61 ശതമാനവും പി.എച്ച്.എച്ച് വിഭാഗത്തിൽ 91.37 ശതമാവും റേഷൻ കൈപ്പറ്റിയിട്ടുണ്ട്.ഗതാഗത കരാറുകാരുടെ പണിമുടക്ക് കാരണം ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം പൂർത്തീകരിക്കുന്നതിൽ കാലതാമസമുണ്ടായിരുന്നു. എന്നാൽ കഴിഞ്ഞ 9 ദിവസമായി വാതിൽപ്പടി വിതരണം പരമാവധി വേഗതയിൽ നടന്നു വരികയാണ്. എന്നാൽ, സംസ്ഥാനത്തെ ചില റേഷൻ കടകളിൽ മുഴുവൻ കാർഡുകാർക്കും വിതരണം ചെയ്യുന്നതിന് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ എത്തിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഈ സാഹചര്യത്തിലാണ് ജനുവരി മാസത്തെ റേഷൻ വിതരണം ഫെബ്രുവരി 5 വരെ ദീർഘിപ്പിച്ചതെന്നും മന്ത്രി അറിയിച്ചു. ചില എൻ.എഫ്.എസ്.എ ഗോഡൗണുകളിലെ കയറ്റിറക്ക് ജീവനക്കാരുടെ ഭാഗത്തു നിന്നും വേണ്ടത്ര സഹകരണം ലഭിക്കാത്തത് വാതിൽപ്പടി വിതരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് തടസമായിട്ടുണ്ട്. ജനങ്ങൾക്കുള്ള റേഷൻ ഭക്ഷ്യധാന്യങ്ങൾ സമയബന്ധിതമായി എത്തിക്കാനുള്ള ചുമതല സർക്കാരിനെ പോലെ തന്നെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന കയറ്റിറക്ക് ജീവനക്കാർക്കും വിവിധ തൊഴിലാളി സംഘടനകൾക്കും ഉണ്ടെന്നും മന്ത്രി പറഞ്ഞു.

# കിയ സിറോസ് വിപണിയിൽ




**കൊച്ചി:** കോംപാക്ട് എസ് യുവികളിലെ സ്റ്റൈലിഷ് താരമായ കിയ സിറോസ് ഇന്ത്യൻ വിപണിയിലെത്തി. 8.99 ലക്ഷം രൂപമുതലാണ് സിറോസിന്റെ വില ആരംഭിക്കുന്നത്. 16.99 ലക്ഷമാണ് ഏറ്റവും ഉയർന്ന വേരിയന്റിന്റെ വില. ജനുവരി മൂന്നുമുതൽ സിറോസിന്റെ ബുക്കിങ് ആരംഭിച്ചിരുന്നു. ഇന്ത്യയിൽ ഇതുവരെ അവതരിപ്പിക്കപ്പെട്ട കോംപാക്ട് എസ് യുവികളിൽ ഏറ്റവും ആകർഷകമാണ് കിയ സിറോസ്. പ്രീമിയം മോഡലുകളായ ഇവി 9, ഇവി 3 എന്നിവയിൽ നിന്ന് പ്രചോദമുൾക്കൊണ്ട് രൂപ കല്പന ചെയ്തിരിക്കുന്ന സിറോസിന്റെ പ്രത്യേകത കട്ടിങ് എഡ്ജ് ടെക്നോളജിയാണ്. ചെറു എസ്‌യുവികൾ സ്വീകരിച്ചിരിക്കുന്ന ആകർഷകമായ ബോക്സി ഡിസൈനിലാണ് സിറോസും ഡിസൈൻ ചെയ്തിരിക്കുന്നത്. ടോൾ ബോയ് ഡിസൈനിലുള്ള വാഹനത്തിന് എ,സി,ഡി പില്ലറുകൾ നൽകിയിട്ടുണ്ട്.വെർട്ടിക്കലായി രൂപകല്പന ചെയ്തിരിക്കുന്ന ഹെഡ് ലാംപുകളും ഡിആർഎല്ലുകളും, ബംപറും ആധുനിക രൂപകല്പനയുടെ മിഴിവ് വാഹനത്തിന്റെ മുൻകാഴ്ചയിൽ നൽകുന്നുണ്ട്. പുതിയ അലോയ് വീലും വാഹനം അവതരിപ്പിക്കുന്നുണ്ട്. എൽ ആകൃതിയിലുള്ള ടെയിൽ ലാമ്പാണ് മറ്റൊരു സവിശേഷത. പനോരമിക് വ്യൂവിലുള്ള സൺറൂഫും നൽകിയിട്ടുണ്ട്.സ്പാർക്ലിങ് സിൽവർ, വൈറ്റ് പേൾ, ഇന്റൻസ് റെഡ്, ഫ്രോസ്റ്റ് ബ്ലൂ തുടങ്ങിയ എട്ട് നിറങ്ങളിൽ വാഹനം ലഭ്യമാണ്. സിറോസിന്റെ 1.0 ലിറ്റർ ടർബോ പെട്രോൾ എൻജിൻ 118 ബി.എച്ച്.പി. കരുത്തും പരമാവധി 172 എൻ.എം. ടോർക്കും പുറത്തെടുക്കും. ആറ് സ്പീഡ് മാനുവലും ഏഴ് സ്പീഡ് ഡി.സി.ടി ഗിയർബോക്സുകളാണ് പെട്രോൾ മോഡലിലുള്ളത്. സിറോസിന്റെ 1.5 ലിറ്റർ ഡീസൽ എൻജിൻ 114 ബി.എച്ച്.പി. കരുത്തും പരമാവധി 250 എൻ.എം. ടോർക്കുമാണ് പുറത്തെടുക്കുക. ആറ് സ്പീഡ് മാനുവൽ, ടോർക്ക് കൺവെർട്ടർ ഓട്ടോമാറ്റിക് ഗിയർബോക്സുകളാണ് ഡീസൽ എൻജിൻ സിറോസിൽ ലഭ്യമാവുക.ഇതിൽ മാനുവൽ മോഡലിന് ലിറ്ററിന് 20.75 കിലോമീറ്റർ മൈലജും ഓട്ടോമാറ്റിക്കിന് ലിറ്ററിന് 17.65 കീലോമീറ്റർ മൈലേജും കമ്പനി അവകാശപ്പെടുന്നുണ്ട്. കൂടാതെ വയർലെസ്സ് ആൻഡ്രോയിഡ് ഓട്ടോ, ആപ്പിൾ കാർപ്ലേ, വെന്റിലേറ്റഡ് സീറ്റുകൾ, പവർ ഡ്രൈവർ സീറ്റ്, വയർലെസ്സ് ചാർജർ, പുഷ് ബട്ടൺ സ്റ്റാർട്ട്/സ്റ്റോപ്, മൾട്ടിസോൺ ക്ലൈമറ്റ് കൺട്രോൾ, എ.സി. കൺട്രോൾ സ്ക്രീൻ, ഹർമൻ സൗണ്ട് സിസ്റ്റം, ഇലക്ട്രോണിക് പാർക്കിങ് ബ്രേക്ക്, 60:40 സ്പ്ലിറ്റ് സീറ്റ്, ആംബിയന്റ് ലൈറ്റിങ് എന്നിങ്ങനെ വിവിധ ഫീച്ചറുകളും ഈ കോംപാക്ട് എസ്.യു.വി.യിൽ കിയ ഒരുക്കിയിട്ടുണ്ട്.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com